# Mathrubhumi

# 22 August 2018

# Kochi, Kunjunnikara, Periyar River, After Flood

# കുഞ്ഞുണ്ണിക്കരയെ പെരിയാർ വിഴുങ്ങി

**കൊച്ചി** ▸ പെരിയാർ ദിശ മാറി ഒഴുകിയപ്പോൾ തകർന്നടിഞ്ഞത് കുഞ്ഞുണ്ണിക്കര എന്ന പ്രദേശമാണ്. പ്രദേശത്ത് വീടുകളുടെ മതിലുകൾ എല്ലാം തകർന്നു വീണു. വൻ മരങ്ങളും കടപുഴകി.

പ്ലാസ്റ്റിക്കും മറ്റ് മാലിന്യവും മരത്തടികളും അടക്കം കരയിലേക്ക് ഒഴുകിക്കയറി. കുഞ്ഞുണ്ണിക്കരയിൽ പെരിയാറിന്റെ തീരത്ത് 25 അടിയിലേറെ ആഴത്തിൽ രണ്ടേക്കറിലേറെ ഭൂമിയിലെ മണ്ണ് ഒഴുകിപ്പോയി. ഇവിടെ വൻ ഗർത്തങ്ങൾ രൂപപ്പെട്ടു. ഇതിനിടെ ടാറിട്ട റോഡിന്റെ കുറച്ചു ഭാഗങ്ങൾ കാണാം. മുമ്പിവിടെ ഒരു റോഡുണ്ടായിരുന്നു, ചന്തക്കടവ്-നിലവടി റോഡ്. ഈ റോഡിന്റെ മറ്റുള്ള ഭാഗങ്ങളെല്ലാം കനത്ത ഒഴുക്കിൽ എവിടെയോ പോയി മറഞ്ഞു. ശേഷിച്ച റോഡിന്റെ അവശിഷ്ടമാണിത്.



▶ പെരിയാർ ദിശ മാറി ഒഴുകിയപ്പോൾ തകർന്ന കുഞ്ഞുണ്ണിക്കരയുടെ തീരം

മാർത്താണ്ഡവർമ പാലം ഭാഗത്തുനിന്ന് കായലിലേക്ക് ഒഴുകുന്ന പെരിയാർ കുഞ്ഞുണ്ണിക്കരയുടെ തീരത്തൂടെ വളഞ്ഞ് ഒഴുകിയിരുന്നു. പ്രദേശം 12 അടിയോളം ഉയരത്തിലുമായിരുന്നു. ഈ മണ്ണ് ആദ്യമേ ഒലിച്ചുപോയി. ഇതിന്റെ കൂടെ വൻ ഗർത്തങ്ങൾ സൃഷ്ടിച്ചാണ് ബാക്കിയുള്ള മണ്ണ് ഒലിച്ചുപോയത്.

ഒഴുക്കിലും വെള്ളത്തിലും പെട്ട് പ്രദേശം മൂന്നു ദിവസത്തോളം ഒറ്റപ്പെട്ട് കിടക്കുകയായിരുന്നു. നേവിക്കു പോലും സഹായത്തിനായി ഈ നാട്ടുകാരെ തേടിയെത്താനായില്ല. അത്തരം അപകടകരമായ സ്ഥിതിയിലൂടെയാണ് മൂന്നുദിവസം കുഞ്ഞുണ്ണിക്കര കടന്നുപോയത്.

വൻ ഒഴുക്കിൽ കുഞ്ഞുണ്ണിക്കരയിലെ വീടുകളുടെയെല്ലാം അടിത്തറയ്ക്ക് കാര്യമായ തകരാർ വന്നിട്ടുണ്ട്. വൻ മരങ്ങളുടെ ഒരു കൂട്ടം ഒഴുക്കിന് തടസ്സമായി പെരിയാറിന്റെ തീരത്ത് കിടന്നതുകൊണ്ട് മാത്രമാണ് ഈ പ്രദേശത്തെ വീടുകൾ നിലംപതിക്കാതെ നിന്നത്. എന്നാൽ വീട്ടിനകത്തെ സർവ സാധനങ്ങളും വെള്ളം കയറി നശിച്ചു.

രണ്ടര ഏക്കറോളം ഭാഗത്തുനിന്ന് കുത്തിയൊലിച്ചു പോയ പ്രദേശത്തെ മണ്ണും ചെളിയും കുഞ്ഞുണ്ണിക്കരയിലെ മറ്റ് പ്രദേശങ്ങളിലേക്ക് തന്നെ എത്തി. ഇതോടെ കുഞ്ഞുണ്ണിക്കരയിലേക്കുള്ള റോഡിലൂടെയുള്ള ഗതാഗതവും ദുരിതമായി മാറി. മുട്ടറ്റം ചെളിയാണ് പല ഭാഗത്തുമുള്ളത്. ചെളി മാറ്റനായി ജെ.സി.ബി. കിട്ടാനുമില്ല. വീട്ടുപരിസരം മുഴുവൻ ചെളിയിൽ നിറഞ്ഞ് കിടക്കുകയാണ്. വെള്ളത്താൽ ചുറ്റപ്പെട്ടു കിടക്കുന്ന കുഞ്ഞുണ്ണിക്കരയിൽ 14-നു തന്നെ നാലു ഭാഗത്തു നിന്നും വെള്ളം ഉയർന്നിരുന്നു.

ഇതിനോടൊപ്പമാണ് അപ്രതീക്ഷിതമായി പെരിയാറിന്റെ ദിശ മാറിയുള്ള കുത്തൊഴുക്ക്. പെരിയാറിന്റെ കരയിൽ എത്രയും വേഗം ശക്തമായ ഭിത്തി കെട്ടണം, അല്ലെങ്കിൽ കടുങ്ങല്ലൂർ പഞ്ചായത്തിലെ കുഞ്ഞുണ്ണിക്കര എന്ന പ്രദേശം ഇനിയൊരു ഒഴുക്കുണ്ടായാൽ നാമാവശേഷമാകുമെന്ന് വാർഡ് മെമ്പർ ഷുഹൈബ് പറഞ്ഞു.

ENGINEERS, DIP. HOLDERS
Agency for Non-conventional